# ജി വി എച് എച് എസ് എസ്
# വട്ടേനാട്



## ഗുളിക

## 2023-24

# ഗുളിക

# ആശംസ



പ്രധാന അധ്യാപകൻ
ജി വി എച്ച് എച്ച് എസ് എസ് വട്ടേനാട്

സാങ്കേതികയും സർഗാത്മകതയും രണ്ടും വേറെ വേറെയാണെന്നും ഒരിക്കലും കൂട്ടിമുട്ടാത്ത രണ്ടു സമാന്തരരേഖകൾ പോലെയാണെന്നുമായിരുന്നു ഈയടുത്ത കാലം വരെ നമ്മൾ ധരിച്ചിരുന്നത്.

നിർമ്മിതബുദ്ധിയിലൂടെ സാങ്കേതികവിദ്യയും സർഗാത്മകതയും ഒന്നിക്കുന്ന കാലത്താണ് നാമിന്ന് ജീവിക്കുന്നത്.

വട്ടേനാടിൻ്റെ ലിറ്റിൽ കൈറ്റ് പ്രതിഭകൾ പുറത്തിറക്കുന്ന ഈ ഡിജിറ്റൽ മാഗസിനിൽ സർഗാത്മകതയും സാങ്കേതികതയും കൈകോർക്കുകയാണ്.

തുലിക അണിയിച്ചൊരുക്കിയവരെ അഭിനന്ദിക്കുന്നതിനോടൊപ്പം ആശംസകളും അറിയിക്കുന്നു.

# ഉള്ളടക്കം


| | പേജ് നമ്പർ |
|---|---|
| ഒരു തീവണ്ടി യാത്ര | 6 |
| പ്രത്യാശ | 7 |
| ഒരു കൊറോണകാലം | 8 |
| കൂപമണ്ഡൂകം | 9 |
| ഓർമ്മയിൽ നിന്ന് അല്പം | 11 |
| അമ്പിളി ചിരിക്കുന്നു | 12 |
| കുറുംകവിതകൾ | 13 |
| എന്നും സ്വന്തം സ്കൂൾ | 14 |
| കുമാരനാശാൻ | 15 |
| പഞ്ചവർണ്ണക്കിളി | 16 |
| കാലം | 17 |
| ദൂരെ ദൂരെ ഒരു ബാല്യം | 18 |
| ഗ്രാഫിക്സ് കാർഡ് | 19 |
| സൗഹൃദം | 20 |
| അമ്മ | 21 |
| കാഴ്ച | 22 |
| ജീവിതം എന്ന യാത്ര | 23 |
| കാലാവസ്ഥ വ്യതിയാനവും പ്രകൃതി ദുരന്തങ്ങളും | 24 |
| അടഞ്ഞൊരു അധ്യായത്തിൻ ഏടുകൾ | 26 |
| അവസാന ശ്വാസം | 27 |

| | |
|---|---|
| പേരിലെ വൈചിത്ര്യം. | 28 |
| മഴ | 29 |
| മാനവ സംഹാരി | 30 |
| ജീവൻ | 31 |
| SPACE SCIENCE AND INDIA | 32 |
| മികവുത്സവം കാഴ്ച്ചകൾ | 34 |

# ഒരു തീവണ്ടി യാത്ര

അനന്തിക കെ
10M

അന്ന് ഒരു വൈകുന്നേരം അച്ഛൻ ജോലി ആവശ്യത്തിന് തിരുവനന്തപുരം വരെ പോകുവാൻ തീരുമാനിച്ചു . തീവണ്ടിയിൽ ആയിരുന്നു പോകാൻ തീരുമാനിച്ചത്. അപ്പോൾ എനിക്കും ഒരു മോഹം തീവണ്ടിയിൽ യാത്ര ചെയ്യാൻ , പക്ഷെ അച്ഛൻ അതിനു സമ്മതിച്ചില്ല. ഞാൻ വാശി പിടിച്ച് അച്ഛന്റെ കൂടെ വരാൻ തീരുമാനിച്ചു. അങ്ങനെ ഞങ്ങൾ റെയിൽവേ സ്റ്റേഷനിൽ എത്തി. ടിക്കറ്റ് കൗണ്ടറിൽ വയങ്കര തിരക്കായിരുന്നു . അച്ഛൻ അതിൽ നിന്നും ഉന്തിയും തള്ളിയും വേഗം ടിക്കറ്റ് വേടിച്ചു വന്നു . അങ്ങനെ ഞങ്ങൾ തീവണ്ടിയുടെ ഉള്ളിൽ കയറി സീറ്റ് വേഗം കിട്ടുകയും ചെയ്തു . ഞങ്ങളുടെ തൊട്ടുമുന്നിൽ നല്ല ഭംഗിയുള്ള ഒരു അന്റിയും മാമനും ഉണ്ടായിരുന്നു . അവർ ഞങ്ങളെ സ്നേഹപൂർവം നോക്കുകയും ചിരിക്കുകയും ചെയ്തു. അങ്ങനെ ഞങ്ങൾ കുറേ നേരം സംസാരിച്ചു സമയം പോയത് ഞാൻ അറിഞ്ഞേ ഇല്ല. കുറേ നേരം കഴിഞ്ഞപ്പോൾ ആ ആന്റി ഞങ്ങൾക്ക് ഒരോ ലഡു തന്നു . ഞങ്ങൾ വേണ്ട എന്ന് പറഞ്ഞിട്ടും നിർബന്ധപൂർവ്വം ഞങ്ങളുടെ കൈയ്യിൽ വച്ചുതന്നു . ആ ലഡുവിന് നല്ല സ്വാദുണ്ടായിരുന്നു . ആ ലഡുവും കഴിച്ച് അച്ഛൻ ഉറങ്ങി . ഞാനും അറിയാതൊന്ന് മയങ്ങിപ്പോയി .



കുറച്ച് നേരം കഴിഞ്ഞ് ഞാൻ പെട്ടന്ന് ഞെട്ടി ഉണർന്നു . അപ്പോൾ എനിക്ക് കാണാൻ കഴിഞ്ഞത് ഇരുട്ട് മാത്രമായിരുന്നു . കൈയ്യും കാലുകളും ഇളക്കാൻ പറ്റിയിരുന്നില്ല അത്രയും കെട്ടിയിരുന്നു . പെട്ടന്ന് ആരോ വാതിൽ തുറക്കുന്ന ശബ്ദം കേട്ടു .ഞാൻ നോക്കിയപ്പോൾ തീവണ്ടിയിൽ നിന്ന് കണ്ട്മുട്ടിയ അതേ ആന്റിയും മാമനും കൂടെ സാമാന്യത്തിൽ അധികം തടിയുള്ള ഒരു ആൺ കുട്ടിയും . പക്ഷെ അന്നത്തെ പോലെ ഇരുവർക്കും സ്നേഹപൂർവമുള്ള നോട്ടം ഒന്നും ഉണ്ടായിരുന്നില്ല . ഞാൻ വേഗം ചുറ്റിലും നോക്കി അച്ഛനെ അവിടെ എവിടെയും കാണാനുണ്ടായിരുന്നില്ല എനിക്ക് തോന്നി അച്ഛൻ തീവണ്ടിയിൽ തന്നെ ഉണ്ടാകും എന്ന് . ചുറ്റിലും ഒരു ഭയാനകമായ അന്തരീക്ഷം . അവരെന്നെ സൂക്ഷിച്ചുനോക്കി എന്നിട്ട് പറഞ്ഞു "ഇനിമുതൽ നീ എന്നും ഇവിടെ തന്നെ ഉണ്ടാകും" വീടുകളിൽ നിന്ന് സാധനങ്ങൾ മോഷ്ടിക്കുന്ന ഒരു സംഘമായിരുന്നു എന്ന് എനിക്ക് മനസ്സിലായി . എനിക്ക് വല്ലാതെ പേടി കൂടി . അന്ന് രാത്രി എനിക്ക് അവർ പുതിയ വസ്ത്രങ്ങൾ തന്നു . എന്നിട്ട് പറഞ്ഞു "വേഗം ഡ്രസ്സ് ഇട്ടിട്ടു വാ ഞങ്ങൾ പുറത്തു കാത്തുനിൽക്കുകയാണ് വന്നില്ലെങ്കിൽ നിന്നെ ഞങ്ങൾ കൊന്നു കളയും" ഞാൻ വേഗം വസ്ത്രങ്ങൾ അണിഞ്ഞു. ആ വീടിന്റെ പിൻവശത്തുള്ള വാതിൽ അപ്പോഴാണ് എൻ്റെ ശ്രദ്ധയിൽപ്പെട്ടത് , വാതിലിലൂടെ ആരും കാണാതെ ഓടി. അവശനായപ്പോൾ അവിടെയുള്ള ബസ് സ്റ്റോപ്പിൽ പോയിരുന്നു . അപ്പോഴാണ് നിലത്തു കിടക്കുന്ന ഒരു പേഴ്സ് എൻറെ ശ്രദ്ധയിൽ പെട്ടത് . ഞാനത് തുറന്നു നോക്കിയപ്പോൾ അതിൽ അച്ഛന്റെയും അമ്മയുടെയും ഫോട്ടോ ഉണ്ടായിരുന്നു . വളരെ ഭംഗിയുള്ള അച്ഛൻറെ ആ മണി പേഴ്സിൽ നിന്നും ഒരു അഞ്ചു രൂപ നാണയം എടുത്ത് തൊട്ടടുത്തുള്ള ടെലിഫോൺ ബൂത്തിൽ നിന്നും എൻ്റെ അച്ഛനെ ഞാൻ വിളിച്ചു . അച്ഛൻ ഫോൺ എടുത്തു "ഹലോ? ഇത് ആരാ വിളിക്കുന്നത്" അപ്പുറത്ത് അച്ഛൻറെ വിറയാർന്ന ശബ്ദം "അച്ഛാ" . "മോനെ നീ എവിടെയാ? ഞാൻ നിന്നെ എത്ര തിരഞ്ഞു " ഞാൻ സംഭവിച്ച കാര്യങ്ങൾ മുഴുവനും പറഞ്ഞു എന്നിട്ട് അച്ഛൻ ചോദിച്ചു "നീ എവിടെയാ " ഞാൻ പറഞ്ഞു "ഞാനിപ്പോൾ ഏതോ ഒരു ബസ് സ്റ്റോപ്പിൽ ആണ് അവിടെ നിന്ന് അച്ഛൻറെ പേഴ്സ് കളഞ്ഞ് " സ്ഥലത്തിന്റെ പേര് ബസ്റ്റോപ്പിന്റെ മുന്നിൽ ഉണ്ടായിരുന്ന നെയിം ബോർഡിൽ നിന്നും പറഞ്ഞുകൊടുത്തു. അപ്പോൾ അച്ഛൻ പറഞ്ഞു " ആ ബസ് സ്റ്റോപ്പ് എനിക്കറിയാം " എന്നിട്ട് പറഞ്ഞു "നീ അവിടെ തന്നെ നിൽക്ക് ഞാനിപ്പോൾ തന്നെ അങ്ങോട്ട് വരാം ". അച്ഛൻ പോലീസിന്റെ സഹായത്തോടെ എൻ്റെ അടുത്തേക്ക് വന്നു. എനിക്ക് വളരെ സന്തോഷമായി. അച്ഛൻ എന്നെ കെട്ടിപിടിച്ച് ഒരുമ്മ തന്നു . പോലീസ് കള്ളമാരെ പിടികൂടിയ വിവരം രാത്രിയിലെ ടി.വി ന്യൂസി ലൂടെയാണ് അറിയാൻ കഴിഞ്ഞത്.....ഒരു വലിയ വിപത്തിൽ നിന്നും രക്ഷപെടാൻ എനിക്ക് കഴിഞ്ഞത് വീട്ടുകാരും നാട്ടുകാരും ഇന്നും ഓർക്കുന്നു . സന്തോഷത്തോടെയും അമ്പരപ്പോടെയും.

# പ്രത്യാശ

നിഹാൽ
10A

ദിനങ്ങളാം വാഹകൻ അല്ലയേ  നീ...
ശൂന്യമാം എൻ ചിത്തതിലല്ലേ നിൻ
സാനിധ്യവും,
കർമ്മങ്ങളും കർമത്തിലും നിൻ
കരങ്ങൾ......
പിടിച്ച ഞാൻ മുന്നോട്ട് നീങ്ങവേ...
എന്തോ നീ പിടിവിട്ടതെന്നെ
എങ്കിലും നിന്നെ മിടുത്തിടുന്നില്ല
എങ്കിലും നിന്നെ ശപിച്ചുടുന്നില്ല
തുടരുമീ ഈ യാത്ര ഞാനെന്നും
നിൻ പിറകെ,
കാരണം എന്തോ അതു തന്നെയല്ലേ.....
ജീവിതം തന്നെയൊരു  പ്രത്യാശയല്ലോ...
ഓരോ പുലരിയിലും എന്നിൽ നീ
വിടുമൊരു പ്രത്യാശതൻ പൂമൊട്ടായ്...
ആശ്ച്യരവാനായി ഞാനിരിക്കെ
ദുർസ്വപ്ന ക്ഷണനമായി

നിൻ ഇതളുകൾ കൊഴിഞ്ഞിടുമ്പോൾ...
എൻ കിനാവിൻ മൊട്ടുകളും കൊഴിഞ്ഞു പോയ്
നീളുമീ ജീവിത പാതയിൽ...
എൻ മനസ്സിൽ ഞാൻ ഇന്നും...
നട്ടനച്ച വളർത്തുന്നു താ...........
കൊഴിയുമെന്നറിഞ്ഞിട്ടും,
പ്രത്യാശതൻ പൂമൊട്ടുകൾ....
നാളുകൾ ഏറെ നാളുകളായി...........



# ഒരു കൊറോണകാലം

മീര കുമാർ എം
10I

ലോകം മനവലോകം കൊറോണയിൽ
കുരുങ്ങിക്കിടക്കുന്നു നിശ്ചലം.
കൊറോണകൾ, വൈറസുകൾ
കോവിഡ് –19 എന്ന ഓമനപേരിൽ ചാഞ്ചാടുന്നു.
കൊറോണകൾ, വൈറസുകൾ
ഏകാധിപത്യത്തിന്റെ ചക്രവർത്തികൾ.
ദൈവം പറഞ്ഞയച്ച ഏതോ അസുരനെപോൽ
പ്രിയപെട്ടവരെ ഓർമകളിലെ ഏടിലേക്ക്
പതിച്ചുചേർത്തുവോ നീ.
കൊറോണകൾ മഹാമാരികൾ തീർത്തു
നീ മരണം കൊയ്തു
കണ്ണീർമഴ പൊഴിയിച്ചവൻ
വിഷാദത്തിലലിയിച്ചവൻ.
റേഡിയോയിലും, ടി. വി യിലും സമൂഹത്തിലും
നീ മാത്രമായി സൂപ്പർസ്റ്റാർ.
ലോകം ലോക്ഡൗണിലായി ഒപ്പം ജീവിതവും
ജീവിതനൗകകൾ കരകയറാതായി.
കൈനീട്ടം കിട്ടാതെ സാമൂഹിക അകലത്തിൽ പിടഞ്ഞുപോയി എന്റെ വിഷുക്കണി.
ചൈനയിൽ വന്യജീവി മാർക്കറ്റിൽ പിറന്നതെന്തിനു
നീ?
ലോകം മുഴുവൻ പകർന്നതെന്തിനു നീ?
ജീവിതം ഒതുങ്ങുന്നു, സോപ്പിലും സാനിറ്റൈസറിലും
മാസ്കിലും അടച്ചിട്ട വാതിലുകളിലും.
നീ തന്ന പാഠം, പ്രകൃതി തന്ന പാഠം
പ്രകൃതി സംരക്ഷണം, വന്യജീവി സംരക്ഷണം, സാമൂഹിക അകലം, ശുചിത്വം മാത്രമായി.

# കൂപമണ്ഡൂകം

രഘു മാഷ്
പൂർവ അധ്യാപകൻ

## ഒന്ന്.

ഒരു കഥയിൽ നിന്നു തുടങ്ങാം. അത്ര പണ്ടല്ലാത്ത ഒരു പണ്ട്  ഒരു പരിവ്രാജകൻ ഊരു ചുറ്റാനിറങ്ങി. പൊൻതിങ്കൾ കലതൊട്ട ഹിമാലയത്തിലും ചക്രവാളത്തെ ആലിഗംനംചെയ്യുന്ന സാഗരങ്ങളിലും അയാളെത്തി. സഞ്ചാരം വീണ്ടും തുടർന്നു .ഒരു കുഗ്രാമത്തിലെത്തി .നല്ല വെയിൽ. പരിവ്രാജകൻ ദാഹനീരിനായി പരതി. അത്ര ദൂരെയല്ലാതിടത്ത് തിണ്ടിടിഞ്ഞ ഒരു കിണർ കണ്ടു. കരയിൽ പാളയും കയറും. അയാൾ കിണറിലേയ്ക്കു നോക്കി .അവിടെ ഒരു കുഞ്ഞൻതവള. അയാൾ തവളയോടു ചോദിച്ചു :നീ നിൻ്റെ ജന്മം കുണ്ടൻ കിണറ്റിലിരുന്നു പാഴാക്കുന്നു. ഈ പാളയിൽ കയറ്, അനന്തമായ സാഗരവും ഉത്തുംഗഹിമാലയവും ഞാൻ കാണിച്ചു തരാം. ഈ ഇത്തിരിവട്ടമാകാശം കണ്ട് വെറുതെ മാഴ്കല്ലേയുണ്ണി"
കുഞ്ഞൻ തവള പറഞ്ഞു. അങ്ങ് എന്താണ് പറയുന്നത്? എന്നെ ക്കുറിച്ച്
ആലോചിച്ച് അങ്ങയുടെ കണ്ണു നിറഞ്ഞിരിക്കുന്നു. അങ്ങയുടെ മങ്ങിയ കാഴ്ചയിൽ ഈ കിണറാഴത്തിലെ കാഴ്ചകൾ അങ്ങുകാണുന്നില്ല. എനിയ്ക്ക് എത്ര അടുത്താണ് ഞാൻ ആകാശത്തെ ചേർത്തു നിർത്തിയിരിക്കുന്നത്. ഞാൻ ഋതുക്കളെ അടുത്തറിയുന്നു. എനിയ്ക്ക് മുകളിലും കീഴെയും ആകാശമുണ്ട്. അതിനാൽ സൂര്യ ചന്ദ്രന്മാരും താരകങ്ങളും എനിയ്കരികെ ഈ കിണറാഴത്തിലുണ്ട്. ഞാൻ ഇവിടെ ഇങ്ങനെ കഴിഞ്ഞു കൊള്ളാം.  കുഞ്ഞൻ തവള പറഞ്ഞത് എന്തെന്നി റിയാതെ ആ 'മഹാജ്ഞാനി ' അവിടെ നിന്നും യാത്രയായി.

## രണ്ട്

വട്ടേനാട്ടിലെ നാടക കാലത്തെ കുറിച്ച് എഴുതാതിനിരുന്നപ്പോൾ ഇങ്ങനെ ഒരു കഥ മനസ്സിൽ വന്നു. അതെ കൂപമണ്ഡൂകങ്ങൾ അത്ര "ചില്ലറയല്ല."ഋതുക്കളുടെ വരവ് അവരാണല്ലോ ആദ്യം അറിയുന്നത്. നാടക പ്രവർത്തകർ ഒരർത്ഥത്തിൽ കൂപമണ്ഡൂകങ്ങൾ തന്നെ .ഇന്നലെയുടെ ഇരുട്ടിനെ – ഇന്നിൻ്റെ ഇരുട്ടിനെ _നാളെയുടെ ഇരുട്ടിനെ അകറ്റാൻ കരയുകയോ ചിരിക്കുകയോ ചെയ്യുകയാണല്ലോ അവരും . കുഞ്ഞൻ തവള ആകാശത്തെ കിണറാഴത്തിലേയ്ക്ക് ആവാഹിച്ച പോലെ ഈ ഒത്തിരി പോന്ന ഭൂമിയെ ഇത്തരി പോന്ന ഒരു ഇടത്തേയ്ക്ക് ആവാഹിയ്ക്കുന്നു അവരും "

വട്ടേനാട്ടിലെ ഇത്തിരികുഞ്ഞന്മാർ ഒത്തിരി പോന്ന ഭൂമിയിലെ ഒത്തിരി ഒത്തിരി കാര്യങ്ങൾ ഈ ലോകത്തോട് പറഞ്ഞത്. ചിലപ്പോഴൊക്കെ അവർക്ക് മുമ്പിൽ ചിലപ്പോൾ അവർക്കൊപ്പം അധിക സമയവും അവർക്ക് പുറകിൽ നടക്കാൻ കഴിഞ്ഞത് സുകൃതമെന്ന് ഞാൻ കരുതുന്നു. വട്ടേനാട് ഞാനെത്തുമ്പോൾ ഗോപാലൻ മാഷായിരുന്നു നാടകമാഷ് . മാഷോടൊപ്പം കുറച്ചു നാടകങ്ങൾ – പെണ്ണും പുലിയും –നല്ല ഒരു അനുഭവമായിരുന്നു. കാവ്യഭാഷയെ ഒട്ടും ചോരാതെ നാടകത്തില്ലേക്ക് എങ്ങനെ കൊണ്ടുവരാം എന്ന് മാഷ് കാണിച്ചുതന്നു. മാഷ് ഹയർ സെക്കണ്ടറിയിലേയ്ക്ക് പ്രമോഷനായി. അങ്ങനെ നാടകമാഷ് എന്ന ചെങ്കോൽ എനിയ്ക്ക് കിട്ടി .അന്നൊന്നും ഇന്നത്തെ പോലെ ചെങ്കോലിനത്ര വിലയുണ്ടായിരുന്നില്ല .പിന്നിട് നാടകപ്രവർത്തകനായ അസീസ് വട്ടേനാടെത്തി. കുറേ നല്ല നാടകങ്ങൾ അസി യുടെ നേതൃത്വത്തിൽ സംഭവിച്ചു. പാവ , കുന്ദാപ്പി ഗുലുഗുലു, ചോർച്ച, വിളയാട്ടം. തളപ്പ്, ആനന്ദലീല അങ്ങനെ കുറേ നാടകങ്ങൾ .തളപ്പും , ആനന്ദ ലീലയും സംസ്ഥാനതലത്തിൽ മത്സരിച്ചു. ആനന്ദലീല 3–ാം സ്ഥാനം നേടി. മലപ്പുറം സംസ്ഥാന കലോത്സവത്തിൽ ആനന്ദലീല

അവതരിപ്പിക്കുമ്പോൾ രസകരമായ ഒരു അനുഭവമുണ്ടായി .ആനന്ദനെന്ന കഥാപാത്രമായി മജീദ് വേദിയിലെത്തിയപ്പോൾ സദസ്സിൽ നിന്ന് ആരവം മുഴങ്ങി."കിട്ടുണ്ണ്യേ , കിട്ടുണ്ണ്യേ" –കിട്ടുണ്ണി തൃശ്ശൂരിൽ സംസ്ഥാന കലോത്സവത്തിൽ മജീദ്അവതരിപ്പിച്ച തളപ്പിലെ കഥപാത്രമായിരുന്നു. ഒരു കൊല്ലകാലത്തിനു ശേഷവും പ്രേക്ഷകർ ഒരു "കുട്ടിനാടക"ത്തിലെ കഥാപാത്രത്തെ മനസ്സിൽ സൂക്ഷിച്ചെങ്കിൽ ആ നടകൻ എത്രെ വലിയ കുട്ടിയായിരിക്കും!!

അടുത്ത കൊല്ലം സംവിധയകനായി അരുൺലാലെത്തി. അവിടംതൊട്ട് വട്ടേനാടിൻ്റെ നാടകങ്ങളുടെ ഒരു ജൈത്രയാത്രയിരുന്നു. കലോത്സവങ്ങളിൽ പ്രശസ്തമായ തിയ്യറ്റർ ഫെസ്റ്റിവലുകളിൽ  നാടകങ്ങൾ കളിച്ചു. മുത്താപ്പായുടെ സുബർഗ്ഗം പാലക്കാട് നടന്ന സംസ്ഥാന കലോത്സവത്തിൽ Agrade നേടി. നാടകത്തിലെ മുത്തപ്പയെ അവതരിപ്പിച്ച മജീദിനെ മികച്ച നടനായി തെരഞ്ഞെടുത്തു. ആലപ്പുഴ നടന്ന കലോത്സവത്തിൽ ഒത്തിരി മാറ്റങ്ങളോടെ ചെയ്ത ഇതേ നാടകം [ മീൻ കൊട്ടയിലെ സുബർഗ്ഗം] ഒന്നാം സ്ഥാനം നേടി .മുസ്തഫയെ അവതരിപ്പിച്ച അബിൻ ബാബുവിനെ മികച്ച നടനായി തെരഞ്ഞെടുത്തു. ഈ നാടകത്തിൻ്റെ സ്ക്രിപ്റ്റ്ചെയ്തത് ഞാനായിരുന്നു. നാടകത്തെ കുറിച്ചോർക്കുമ്പോൾ' മറഡോണ 'യെ എങ്ങനെ പറയാതിരുക്കും.
കാൽ'പ്പന്തുകളിയിലൂടെ ഭിന്നലിംഗ കാരുടെ പ്രശ്നങ്ങൾ അത്ര ഭംഗിയായയാണ് അരുൺ ഈ നാടകത്തിലൂടെ പറഞ്ഞത്. ഒരു ഇത്തിരി പോന്ന അടപ്പനിൽ ഒത്തിരി പോന്ന ആനയെ അടയ്ക്കുന്ന ഒരു ജാലവിദ്യക്കാരനെ പോലെ .തൃശ്ശൂരിൽ നടന്ന കലോത്സവത്തിൽ (പ്രേക്ഷകർ തന്ന പണം കൊണ്ട് അപ്പീല് നേടി) കലോത്സവത്തിൽ ഒന്നാം സ്ഥാനം നേടി. കേരളത്തിനകത്തുംപുറത്തുമായി എൺപത്താറോളം വേദിയിൽ മറഡോണ അവതരിപ്പിച്ചു. കാക പക്ഷം, ഫ്രീക്കൻ, ഓസിൽ –അങ്ങനെ ശ്രദ്ധേയങ്ങളായ ഒത്തിരി നാടകങ്ങൾ. വിസ്താരഭയം കൊണ്ട് ഞാൻ വിസ്തരിയ്ക്കുന്നില്ല.
യു. പി. വിഭാഗത്തിലെ പല നാടകങ്ങൾങ്ങൾക്കും സ്ക്രിപ്റ്റ് ചെയ്യാൻ കഴിഞ്ഞു. മിടുക്കരായ കുട്ടികൾ .പല നാടകങ്ങളും ജില്ലാ തലത്തിൽ സമ്മാനം നേടി. മികച്ച നടനും നടിയുമായി .പല കുട്ടികളേയും തെരെ ഞ്ഞെടുത്തു. ബലൂൺ,കുഞ്ചാത്തർണ്ണയും  ഘണ്ടാകർണ്ണനും, അജഗജാന്തരം, പിയാങ്ങിൻ്റെ കൗശലം, നൂൽപ്പാവകൾ – അങ്ങനെ കുറേ നാടകങ്ങൾ. സംസ്കൃതനാടകങ്ങളിലും വട്ടേനാട്ടെ കുട്ടികൾ മികവ് തെളിയിച്ചിട്ടുണ്ട്. വാല്മീകി, കർണ്ണഭാരം, പാക്കനാർ , ഭഗവദജ്ജു കം, ആയിഷ എന്നിവഎടുത്തു പറയേണ്ടവയാണ്.

കുറച്ചു കൊല്ലങ്ങളായി അറബിനാടകങ്ങളും അവതരിപ്പിക്കുന്നു. തൃശ്ശൂരിൽ നടന്ന കലോത്സവത്തിൽ അറബി നാടകം മൂന്നാം സ്ഥാനം നേടി. കഴിഞ്ഞ മൂന്നു വർഷങ്ങളായി ജില്ലാതലത്തിൽ രണ്ടാം സ്ഥാനമാണ്. ശാസ്ത്രനാടകങ്ങളിലും മികവ് തെളിയിച്ചിട്ടുണ്ട്. ഒറ്റാൽ, കുഞ്ഞി ക്കള്ളനും ,അമ്മിണിയും വവ്വാലും, ലൂയി പാസ്റ്റർ, ജാനകീ ചരിതം – ഓർമ്മയിൽ വരുന്ന ചില ശാസ്ത്ര നാടകങ്ങൾ.

സദസ്സിനെ വിഭ്രമിപ്പിച്ച ഇത്തിരി കുഞ്ഞന്മാരെത്ര കാക്കത്തൊള്ളായിരം കാണും. ഒരർത്ഥത്തിൽ അഭിനേതാക്കളത്രയും. ഒത്തിരി പേരുകൾ മനസ്സിൽ വരുന്നു. ഉമ, സുജ, മൈത്രി, മഞ്ജു ഫിറോസ്, ശ്രീജിത്ത്, ഗ്രീഷ്മ ,രഞ്ജിത്ത്, വാണി ,അനു ചാന്ദിനി, വേണു, മജീദ്, ശരത്, രവി, വിഷ്ണു,അർജ്ജുൻ, സാവിത്രി അഷിത, നജ, ഷേബ ,അമൃത, ശ്രുതി, അനഘ, ആതിര , നവനീത് – പരാമർശിക്കാത്തവർ ഇനിയുമേറെ.
നാടകം ഗൗരവമുള്ള കളിയായി കണ്ട കുട്ടികൾ. പലരും മജീദിനേയും, അഷിയെയും പോലെ നാടകം ഉപരി പഠനത്തിനായി തെരഞ്ഞടുത്തവർ. ഇപ്പോഴും നാടകവേദിയിൽ അവരിൽ ഭൂരിപക്ഷവും സജീവമായി നില്ക്കുന്നു. വട്ടേനാടിൻ്റെ നാടകങ്ങളുടെ അണിയറയിൽ അവരുടെയെല്ലാം സജീവ സാന്നിദ്ധ്യമുണ്ട്. കലോത്സവങ്ങളുടെ വരവ് അറിയിപ്പ്ഇവരാണ് നടത്തുക. മജീദോ സിദ്ധാർത്ഥോ നവനീതോ പ്രീത ടീച്ചറോ  സുജാത ടീച്ചറോ,ബീനടീച്ചറോ ജമീല ടീച്ചറോ വിളിയ്ക്കും 'മാഷേ നോക്കേണ്ടേ. ' ഞാൻ ആലസ്യമാണ്ട കിടപ്പിൽ നിന്ന് നിവർന്ന് എഴുന്നേല്ക്കും. ഏറേ കാലമായി കൂടെ കൂടിയ
രോഗങ്ങളെ ശ്രദ്ധിയ്ക്കാതെയാവും കടല്ലാസും പേനയുമായിരിക്കുക.
ആ വിളികൾവരുംകാലങ്ങളിലും ഉണ്ടാവുമെന്നപ്രതീക്ഷയിലാണ് ഞാൻ. കളിക്കൂട്ടം കളിച്ചു കൊണ്ടേയിരിക്കട്ടെ

അറിവും, ഓർമ്മയും യാഥാർത്ഥ്യവും സ്വപ്നവും ഒത്തു ചേരുന്ന സ്വാതന്ത്ര്യത്തിലേയ്ക്കാണല്ലോ ഒരോ പുസ്തകവും വാതിൽ തുറക്കുന്നത്. അതിലേയ്ക്ക് എൻ്റെ ഓർമ്മകളും

# ഓർമ്മയിൽ നിന്ന് അല്പം

കുമാരി ടീച്ചർ
ഹിന്ദി അധ്യാപിക

കുറ്റനാടിന്റെ അഭിമാനമായ ജി.വി.എച്ച്.എസ്.എസ് വട്ടേനാട് എന്ന സരസ്വതി ക്ഷേത്രത്തിൽ ഹൈസ്കൂൾ ഹിന്ദി അധ്യാപികയായി ഞാൻ നിയമിതയായത് 2007 ജൂൺ ഒന്നാം തീയതിയാണ്. ഇതിനുമുമ്പ് ഒന്ന് രണ്ട് വട്ടം ഈ വിദ്യാലയത്തിൽ ചാത്തന്നൂർ സ്കൂളിൽ നിന്നും കുട്ടികളെയും കൂട്ടി വന്നു പോയിട്ടുണ്ട് എന്നല്ലാതെ എനിക്ക് വട്ടേനാട് സ്കൂളിനെ കുറിച്ച് കൂടുതൽ അറിവൊന്നും ഉണ്ടായിരുന്നില്ല. ഏകദേശം ഇത്രയും തന്നെ സ്റ്റാഫും സ്റ്റാഫ് റൂമും  കണ്ട് പരിചയിച്ചത് കൊണ്ടാകാം ഇവിടത്തെ സ്റ്റാഫ് റൂമിലെ തിക്കും  തിരക്കും എന്നിൽ അമ്പരപ്പുളവാക്കാത്തത്.

ചാത്തന്നൂർ സ്കൂളിൽ വർക്ക് ചെയ്തിരുന്ന കുറച്ച് അധ്യാപകർ ഇവിടെയുണ്ടായിരുന്നതുകൊണ്ട് പുതിയ സ്കൂളും അന്തരീക്ഷവും ഒരു പുതുമയായി തോന്നിയില്ല. എങ്കിലും പൊട്ടിമുളച്ചിടത്ത് നിന്ന് മറ്റൊരിടത്തേക്ക് പറിച്ചു നടുന്ന ഒരു വൃക്ഷത്തൈ പുതിയ മണ്ണുമായി ഇഴുകി ചേരാൻ കുറച്ച് സമയമെടുക്കുമെന്ന് പറഞ്ഞപോലെ ആയിരുന്നു എൻ്റെ അവസ്ഥ.ഹിന്ദി ഡിപ്പാർട്ട്മെൻ്റിലെ എൻ്റെ സ്നേഹനിധികളായ സഹപ്രവർത്തകരുടെ സ്നേഹമസൃണമായ പെരുമാറ്റവും ഇടപെടലും എൻ്റെ ആശങ്കകളെ ഇല്ലാതാക്കി.അങ്ങനെ വട്ടേനാട് എന്ന മഹാസമുദ്രത്തിലേക്ക് ഒരു തുള്ളിയായി ഞാനും അലിഞ്ഞു ചേർന്നു.

വട്ടേനാട് ഹൈസ്കൂളിൻ്റെ പൂർവചരിത്രവും ഉയർച്ചയിലേയ്ക്ക് നയിച്ച മഹാരഥന്മാരുടെ വിജയഗാഥകളും സ്റ്റാഫ് റൂമിൽ എപ്പോഴും  മുഴങ്ങുക പതിവായിരുന്നു.അത് മറ്റുഅധ്യാപകർക്ക് നൽകുന്ന ഊർജ്ജം ചെറുതായിരുന്നില്ല. അന്ന് ഓടിട്ട കെട്ടിടങ്ങളും പടർന്നു പന്തലിച്ചു നിന്നിരുന്ന നെല്ലിമരങ്ങളും തണൽക്കുട ചൂടിനിന്ന മാവും മറ്റു വൃക്ഷങ്ങളും വട്ടേനാട് സ്കൂളിന് ശാലീന സൗന്ദര്യം ചാർത്തി കൊടുത്തു ഇന്ന് ഹൈടെക്കിന്റെ സാങ്കേതികവിദ്യയിൽ മുങ്ങി കുളിച്ച് നാഗരിക സൗന്ദര്യം കൈവരിച്ച് തല ഉയർത്തി നിൽക്കുന്ന വട്ടേനാട് സ്കൂൾ നമുക്കും നാടിനും അഭിമാനമേകുന്നു സ്കൂളിനെ ഉയരങ്ങളിലേക്ക് എത്തിക്കണമെന്ന മനോഭാവമുള്ളവരായിരുന്നു ഭൂരിപക്ഷം അധ്യാപകരും. അതൊന്നും വൃഥാവിലായില്ല എന്ന് ഓരോ വർഷവും കൂടിക്കൊണ്ടിരിക്കുന്ന അഡ്മിഷൻ നമ്മെ ഓർമ്മപ്പെടുത്തുന്നു. ഒരു കൂട്ടം അധ്യാപകരുടെ കഠിനാധ്വാനത്തിന്റെ ഫലമായിട്ടാണ് ഇന്ന് ഈ വിദ്യാലയം മോഡൽ സ്കൂൾ പദവി അലങ്കരിച്ച് നിൽക്കുന്നത് ഞാൻ സർവീസിൽ നിന്നും വിരമിക്കുന്ന അധ്യയന വർഷം തന്നെ ആ പദവി ലഭിച്ചതിൽ അതിയായ സന്തോഷവും അഭിമാനവും തോന്നുന്നു

ഒരു അധ്യാപിക എന്ന നിലയിൽ എന്തെങ്കിലും അടയാളപ്പെടുത്താൻ എനിക്ക് കഴിഞ്ഞിട്ടുണ്ടെങ്കിൽ അത് ഈ വിദ്യാലയത്തിൽ നിന്നും പകർന്നു കിട്ടിയ അനുഭവം ഒന്ന് മാത്രമാണ് ഇനിയും ഉയരങ്ങൾ താണ്ടാൻ ഈ മനോഹരമായ സരസ്വതി ക്ഷേത്രത്തിന് കഴിയട്ടെ എന്ന് ആത്മാർത്ഥമായി മനസ്സുകൊണ്ട് പ്രാർത്ഥിക്കുന്നു.

# അമ്പിളി ചിരിക്കുന്നു

ദുർഗ ശ്രീ പി
8B



സൂര്യനും മുൻപേ

ഉണരുന്ന അമ്മയ്ക്ക്

അമ്പിളിയുടെ മുഖമായിരുന്നു..

ആ മുഖം എനിക്കുമാത്രം പുഞ്ചിരി  നൽകിയിരുന്നു...

തുമ്പ അമ്മയെ നോക്കി ചിരിക്കുമ്പോൾ അമ്മ തൻ മിഴികൾ മഴയുടെ ഉറവിടമായി..

ഞാൻ ഇല്ലാത്ത നേരം അമ്മയ്ക്ക് പഞ്ഞക്കർക്കിടകമാണെന്ന് എനിക്കറിയാം...

ഒരിക്കൽ

പുക തിന്ന മുറിയിലേക്ക് ഞാൻ എത്തിനോക്കി...

പാത്രങ്ങൾക്കിടയിൽ നിന്ന് ഒരു അമ്പിളി ആരോടെന്നില്ലാതെ നോക്കി ചിരിക്കുന്നു...

# കുറുംകവിതകൾ

ഫിദ ഫാത്തിമ
8C

## അമ്മ

മുലപ്പാലിൻ മാധുര്യത്തിൽ
അലിയുന്ന കാലത്തിന്
അടുക്കളയിലെ പുകപ്പൂക്കളുടെ മണം.
അടുക്കളപ്പുകയുടെ മണമുള്ള
അമ്മയെ കാലം വിൽക്കുമ്പോൾ
തണൽ ഇല്ലാതാകുന്നു.

## വായന

ആദ്യം പെറുക്കി നോക്കി
നല്ല ഭാരം തോന്നി.
പിന്നെ വാരി നോക്കി
കയ്യിൽ ഒതുങ്ങുന്നില്ല.
ഇപ്പോൾ കോരിയെടുത്താലും
കോരിയെടുത്താലും തീരുന്നില്ല.
മതിയാവുന്നതേയില്ല.

## അവൾ

മഷി തുപ്പിത്തുപ്പിക്കിതച്ച്
അവസാനം അവൾ
ചലനമറ്റു കിടക്കുന്നു...
ചന്തകളെ കവിതയാക്കി
പറത്തിയവൾ...
നിറമില്ലാത്ത വരണ്ട
ശ്വാസത്തിൽ നിന്ന് വന്ന
ചില വാക്കുൾക്ക് മീതെ അവൾ
നിശ്ചലയായികിടക്കുന്നു.

## സ്ത്രീ

ഇരുട്ടിന്റെ ശബ്ദത്തിൽ ആരോ
കരയുന്നു
ഒതുക്കിയ ചിറകുകളെ
പറത്താനാവാതെ...

## പുനർജന്മം

ഒരു മരമായി പുനർജനിക്കണം
കായ്ക്കാനും പൂക്കാനുമല്ല
തണലേകാൻ...
തണുപ്പേകാൻ...

## പൂമൊട്ട്

ഒരു പൂമൊട്ടുകൂടി
ഇരുട്ടടഞ്ഞ ലോകത്തിൽ നിന്ന്
വെളിച്ചവും ആനന്ദവും നിറഞ്ഞ
ലോകത്തേക്ക്...
അവൾ ഓരോ ഇതളും പതിയെ
തുറന്നെത്തവേ
എവിടെ നിന്നോ ഒരിളം കാറ്റ്
അവളെ മെല്ലെയൊന്നു
തലോടിപ്പോയി.

## വാശി

വീശിപ്പിടിക്കാൻ
പറ്റാ ദൂരത്തേയ്ക്ക്
പോകാനൊരു മോഹം
പറ്റില്ലയെന്ന് മറ്റൊരാളും
പറ്റുമെന്ന് ഞാനും..

## വരും കാലം

കരി മായാത്ത ആകാശം,
കളിക്കാത്ത കുട്ടികൾ,
ചിരിക്കാൻ മടിക്കുന്ന മുഖങ്ങൾ..
കാറ്റിനൊത്ത് വീശാൻ സ്ഥലം
പോരാത്തത്രയും ഇടുക്ക്..
എങ്കിലും കരയാത്ത കണ്ണുകളുമായി
ഞാൻ എല്ലാം കുറിച്ചുവയ്ക്കും...

# എന്നും സ്വന്തം സ്കൂൾ

എം പ്രദീപ്
പി ടി എ പ്രസിഡന്റ്

വട്ടേനാട് സ്കൂൾ ആറു പതിറ്റാണ്ട് പിന്നിടുന്ന വേളയിലാണ് മാതൃകാ സ്കൂളായി പ്രഖ്യാപനം വന്നിരിക്കുന്നത്. കഴിഞ്ഞ കുറച്ചു വർഷങ്ങളായി പാഠ്യ–പാഠ്യേതരവിഷയങ്ങളിൽ പുലർത്തു ന്ന മികവാണ് പാലക്കാട് ജില്ലയിൽ നിന്ന് ഈ വിദ്യാലയത്തെ മാതൃകാ വിദ്യാലയമായി തെരഞ്ഞെടുക്കപ്പെടാൻ

പ്രാപ്തമാക്കിയത്. ഏറെ
സന്തോഷത്തോ ടൊപ്പം ഏറെ
ഉത്തരവാദിത്വം കൂടി നൽകുന്നതാണ് ഈ
പ്രഖ്യാപനം. പഠന രംഗത്തെന്ന പോലെ
ശാസ്ത്ര–ഗണിത – കലാകായികരംഗത്തും
നാം ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്.
യു.പി., ഹൈസ്കൂൾ, ഹയർ
സെക്കൻററി, വൊക്കേഷണൽ ഹയർ
സെക്കൻററി എന്നിങ്ങനെ 3412 കുട്ടികൾ
പഠിക്കുന്ന നമ്മുടെ സ്കൂളിന്
ഭൗതികസൗകര ്യ രംഗത്തും ഏറെ മുന്നോട്ടു
പോകാനുണ്ട്.



പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന് എടുത്തു കാണിക്കാവുന്ന ഒരു മികച്ച മാതൃകയാണ് നമ്മുടെ സ്കൂൾ. അഞ്ച് കോടി ചെലവിൽ പുതിയ കെട്ടിടം സർക്കാർ നിർമ്മിച്ചുനൽകാനുള്ള തീരുമാനം ഉണ്ടായപ്പോൾ നിലവിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് നിലവാരത്തിലാക്കിയാണ് പൊതു സമൂഹം നമുക്ക് പിന്തുണ നൽകിയത്. എല്ലാ അർത്ഥത്തിലും മാതൃകാ സ്കൂൾ ആക്കാനുള്ള ജൈത്രയാത്രയിൽ ഈ നാടൊന്നാകെ നമുക്കൊപ്പമുണ്ടാകും എന്ന് തീർച്ചയായും പ്രതീക്ഷിക്കുന്നു കഴിഞ്ഞ കാലങ്ങളിൽ എല്ലാവരും നൽകിയ പിന്തുണയ്ക്ക് നന്ദി അറിയിക്കുന്നു. അതോടൊപ്പം മികവുകളോടെ ഈ വിദ്യാലയം തുടരാനുള്ള എല്ലാ സഹായ സഹകരണങ്ങളും അഭ്യർത്ഥിക്കുന്നു

# കുമാരനാശാൻ

അഭിനവ്
10G

കവിയെന്നാൽ ക്രാന്തദർശിയെന്നാണ് സാരം. അതായത് ദൂരേക്ക് കാണാൻ കണ്ണുള്ളവൻ. മഹാകവി കുമാരനാശാൻ ഒരു ക്രാന്തദർശിയായിരുന്നു. അദ്ദേഹത്തിന്റെ പല കൃതികൾക്കും ഇന്നത്തെ സമൂഹത്തിൽ വലിയ പ്രസക്തി ഉണ്ട്. മഹാകാവ്യം എഴുതാതെ മഹാകവിയായ ആശാൻ ഇരുപതാം നൂറ്റാണ്ട് കണ്ട ഏറ്റവും മഹാനായ കവിയാണ്.നവോത്ഥാന കവിയെന്നാണ് ആശാൻ അറിയപ്പെടുന്നത്. അതിനു കാരണം നവോത്ഥാന ചിന്തകളും ആശയങ്ങളും സമന്വയിച്ച അദ്ദേഹത്തിന്റെ കൃതികളാണ്.



കേരളീയ സാമൂഹിക ജീവിതത്തിൽ ഒരുപാട് പരിവർത്തനങ്ങൾക്ക് ആശാൻ കൃതികൾ സഹായകമായിട്ടുണ്ട്. മലയാള സാഹിത്യത്തിന് ആശാൻ നൽകിയ സംഭാവനകൾ വിസ്മരിക്കാൻ കഴിയാത്തതാണ്. ശ്രീനാരായണ ഗുരുവിന്റെ പ്രിയ ശിഷ്യനായ അദ്ദേഹം ഗുരുവിന്റെ നിർബന്ധത്താലാണ് ബാംഗ്ലൂരിലും കൽക്കത്തയിലും പഠിക്കാൻ പോയത്. ആ കാലത്ത് ആംഗലേയ സാഹിത്യവുമായി പുലർത്തിയ നിരന്തര സമ്പർക്കം അദ്ദേഹത്തിന്റെ കാവ്യ ജീവിതത്തെ ഒരുപാട് സ്വാധീനിച്ചു.

വീണപൂവ് എന്ന ഖണ്ഡകാവ്യത്തിലൂടെയാണ് ആശാൻ തന്റെ സാഹിത്യ ജീവിതത്തിനു തുടക്കമിടുന്നത്. 1907 ൽ മിതവാദി പത്രത്തിൽ പ്രസിദ്ധീകരിച്ച വീണപൂവിൽ ഒരു പൂവിന്റെ ജനനം മുതൽ മരണം വരെയുള്ള കാര്യങ്ങളാണ് പറയുന്നത്. ഹാ എന്ന് തുടങ്ങി കഷ്ടം എന്നവസാനിക്കുന്ന ഈ കൃതി മനുഷ്യ ജന്മത്തിന്റെ പ്രതിഫലനം കൂടിയാണ്.

നളിനിയുടെയും ദിവാകരന്റെയും സ്നേഹബന്ധം പറയുന്ന നളിനിയും, ലീലയുടെയും മദനന്റെയും പ്രണയ കഥ പറയുന്ന ലീലയും, ജാതി ചിന്തകളുമായി നടക്കുന്നവരുടെ അർത്ഥശൂന്യത വെളിപ്പെടുത്തുന്ന ചണ്ഡാലഭിക്ഷുകിയും, കരുണയും, ദുരവസ്ഥയും, പ്രരോദനവും എല്ലാം ആശാന്റെ ഖണ്ഡകാവ്യങ്ങളാണ്. അനേകം ലഘു കവിതകളും വിവർത്തനങ്ങളും ആശാൻ രചിച്ചിട്ടുണ്ട്. വനമാല, മണിമാല, പുഷ്പവാടി എന്നിവ ആശാന്റെ കവിത സമാഹാരങ്ങളാണ്.

സാധാരണ ഗതിയിൽ കവികൾക്ക് ഏതെങ്കിലും ഒരു പ്രത്യേക വികാരത്തോട് കൂടുതൽ ആഭിമുഖ്യം തോന്നാം. കുമാരനാശാനെ സംബന്ധിച്ചിടത്തോളം അത് സ്നേഹം എന്ന വികാരത്തോട് ആണ്. ആശാനോളം സ്നേഹത്തെ കുറിച്ച് മധുരമായ വാക്കുകൾ എഴുതിയ കവികളില്ല. ആശാൻ കൃതിയിലെ ലീലയും, നളിനിയും, മദനനും, ആനന്ദനും എല്ലാം സ്നേഹത്തിന്റെ പ്രതീകങ്ങളാണ്.

ജാതീയതക്കെതിരെ പോരാടാനും ആശാൻ തന്റെ തൂലിക ഉപയോഗിച്ചു. ജാതി വ്യവസ്ഥ പ്രമേയമായി വരുന്ന നിരവധി കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ഇന്ന് നാം കാണുന്ന സമൂഹത്തിലേക്ക് നമ്മെ എത്തിക്കുന്നതിൽ ആ കൃതികൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. കവിയായും സാമൂഹ്യ പരിഷ്കാർത്താവായും അദ്ദേഹം എന്നും മലയാളികളുടെ മനസ്സിൽ നിലകൊള്ളുന്നു

# പഞ്ചവർണ്ണക്കിളി

ദുർഗ ശ്രീ പി
8B

പാറിപ്പറക്കുന്ന

പഞ്ചവർണ്ണക്കിളി ധാന്യങ്ങൾക്കൊത്തുന്ന പഞ്ചാരക്കിളി

വീടിൻറെ മുറ്റത്ത് കൊയ്ത്തുപാടങ്ങളിൽ പാറിപ്പറക്കുന്ന

പാൽ പൈങ്കിളീ

ഉയര നീ ഉയരെ നീ അഞ്ചുവർണ്ണക്കിളി

പ്രാർത്ഥന ചെയ്യുന്ന പഞ്ചവർണ്ണക്കിളി .



# കാലം

നിരുപമ ജിതേഷ്
7 F

-----

കാലം കടന്നു പോയി,

ഒരായിരം നക്ഷത്രങ്ങൾ മറഞ്ഞുപോയി

മറക്കാൻ പറ്റാത്ത കുറേ നിമിഷം

എന്റെ മനസ്സിന്റെ താഴ്‌വരയിൽ

ഒളിഞ്ഞിരുന്നുകൊണ്ട് എന്നെനോക്കി

ഈ കാലത്തെ തിരിച്ചെടുക്കാൻ എനിക്ക് സാധിക്കുമോ

# ദൂരെ ദൂരെ ഒരു ബാല്യം

അഭിനവ് സാജ്
10A

ഓർമ്മകൾക്കു എന്ത് ബാല്യം എന്ന് ഞാൻ

നിനച്ചുപോയ്യി കാലമിത്രയും കഴിഞ്ഞിടവെ

സന്ധ്യ മായ്യും നേരം പകലിനോട്ടു

അടുക്കുന്നപോൽ

ഓർമ്മതൻ പൂക്കാലം മനസ്സിൽ നിന്ന് മായ്യുമ്പോൾ

പൂക്കൾതൻ സുഗന്ധം മായ്യാതെ

വീണ്ടും തിരുമുറ്റത്തെത്തുമ്പോൾ

ഉണ്ണി കാലടികൾ പിച്ചനടന്നൊരാമണ്ണിനേയും

പിച്ചവച്ച നാളത്രയും അമ്മതൻ കൈപ്പിടിച്ചു

ഓരോ ദിനങ്ങളും പിന്നിട്ടതറിയാതെ

ഓർത്ത് നിൽപ്പൂ ഞാൻ

ഒരിക്കലും വാറ്റാത്ത അമ്മതൻ സ്നേഹവും

ഓർമയിലെ വേദനയിൽ ഇന്നും

സൂക്ഷിച്ചിട്ടുന്നു

കാലമിത്ര കഴിയുമ്പോഴും ഞാൻ ഓർക്കുന്നു

ഒരിക്കലും തിരിച്ചുകിട്ടാത്ത

ഓർമ്മകൾക്കെന്തു ബാല്യം.

# ഗ്രാഫിക്സ് കാർഡ്

ആദിത്യൻ വി വി
10D

---

ഒരു വിഡിയോ കാർഡ് അല്ലെങ്കിൽ ഗ്രാഫിക് കാർഡ് കമ്പ്യൂട്ടറില്ലുള്ള ഒരു എക്സ്പാൻഷൻ കാർഡ് ആണ്.മോണിറ്ററിൽ പ്രദർശിപ്പിക്കേണ്ട ചിത്രങ്ങൾ ഈ കാർഡ് ആണ് നിർമ്മിക്കുന്നത്. മിക്ക ആധുനിക വിഡിയോ കാർഡുകൾക്കും 2D, 3D ചിത്രങ്ങളുടെ വേഗതയേറിയ നിർമ്മാണം (rendering) സാധ്യമാണ്. MPEG-2/ MPEG-4 ഡീ കോഡിങ്ങും, ടി വി ഔട്ട്പുട്ടും ഇത്തരം കാർഡുകൾ ചെയ്യുന്നു. ഒന്നിൽ കൂടുതൽ മോണിട്ടറുകൾ വിഡിയോ കാർഡുകളിൽ കണക്ട് ചെയ്യാൻ സാധിക്കും. ഈ ഗ്രാഫിക്സ് ചിപ്പിന് ചെറിയ ഒരു മെമ്മറി ഉണ്ടായിരിക്കും. ഇത് കമ്പ്യൂട്ടറിന്റെ റാമിന്റെ ചെറിയ ഒരു ഭാഗം ഉപയോഗിക്കും. ഇതിനെ ഇൻറ്റഗ്രേറ്റഡ് ഗ്രാഫിക്സ് അല്ലെങ്കിൽ ഓൺ ബോർഡ് ഗ്രാഫിക്സ് എന്ന് പറയാറുണ്ട്. ഇത് പൊതുവേ വേഗത കുറഞ്ഞ പ്രകടനം ആയിരിക്കും കാഴ്ചവെക്കുന്നത്. ഇതുപയോഗിച്ച് ത്രീ ഡി ആപ്ലികേഷനുകൾ പ്രവർത്തിപ്പിക്കുമ്പോൾ പ്രശ്നങ്ങൾ അനുഭവപ്പെടാറുണ്ട്. പക്ഷെ പുതിയ കമ്പ്യൂട്ടറുകളിൽ ഉള്ള ഡെഡികേറ്റഡ് ഗ്രാഫിക് കാർഡിന് സ്വന്തമായി റാമും പ്രോസ്സസറും ഉണ്ട് അതുകൊണ്ടുതന്നെ കമ്പ്യൂട്ടറിന്റെ സുഗമമായ പ്രവർത്തനത്തെ ഇത് ബാധിക്കുന്നില്ല. എല്ലാ ആധുനിക മദർബോർഡുകളിലും ഓൺ ബോർഡ് ഗ്രാഫിക്സ്നുപകരം കൂടുതൽ കാര്യക്ഷമത ഡെഡികേറ്റഡ് ഗ്രാഫിക് കാർഡ് ഉപയോഗിക്കാനുള്ള സംവിധാനം ഉണ്ട്.



# സൗഹൃദം...

ആയിഷ മിൻഹ
10C

നമ്മുടെ കലാലയം നമുക്കു നൽകിയ ഏറ്റവും വലിയ സമ്മാനമാണ് സൗഹൃദങ്ങൾ. "ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട" എന്ന ചൊല്ലിന് ഇത്രയേറെ അർത്ഥമുണ്ടെന്ന് എനിക്കറിയില്ലായിരുന്നു. എന്നാൽ സൗഹൃദം ഒരു ഭംഗിവാക്ക് മാത്രമല്ല. അതിൽ ഒരുപാട് സ്നേഹവും സൗന്ദര്യവും കൂട്ടായ്മയും ഒളിഞ്ഞിരിപ്പുണ്ടെന്ന് ഞാനറിഞ്ഞുതുടങ്ങുന്നു.

കലാലയ ജീവിതമാണ് ഓരോ സൗഹൃദങ്ങളുടെയും വേര് നാമ്പുകൾ. കലാലയ ജീവിതം ആഘോഷത്തിന്റെ കാലമെന്നു കേട്ടിട്ടുണ്ട്. ശരിയാണ് നമ്മുടെ സൗഹൃദങ്ങൾ പൂത്തു തുടങ്ങുന്നത് കലാലയ ത്തിലാണ്. ഇവിടെ നമ്മുടെ സൗഹൃദങ്ങൾക്കപ്പുറം മറ്റൊരു ആഘോഷവുമില്ലെന്ന് എന്റെ മനസ്സ് പറയുന്നു. കളിയും ചിരിയും കൊച്ചുകൊച്ചു പിണക്കങ്ങളും ഇണ ക്കങ്ങളും നിറഞ്ഞ കലാലയ ജീവിതം നാമോരോരുത്തരുടെയും അനുഗ്രഹമാണ്. ഏകാന്തതയുടെ മൂകതയുമായി നമ്മുടെ കൂട്ടുകാർ ക്കിടയിൽ വെറുതെ ഇരുന്നാൽ മതി. അലയൊലികളുമായി സ്നേഹ സൗഹൃദങ്ങൾ വരവാകും. ഇത് വെറുമൊരു തോന്നലല്ല. അതങ്ങനെയാണ് നമ്മേ ചേർത്തു നിർത്താനും സ്നേഹിക്കാനും അവരുണ്ടാകും എല്ലായ്പ്പോഴും കൂടെ.



ഉച്ചയ്ക്ക് ഭക്ഷണസമയത്തു പരസ്പരം പങ്കുവെക്കുന്ന ഓരോ വിഭവങ്ങളും വിശേഷങ്ങളും... ഒഴിവു പിരീഡുകളിലെ ചുറ്റും കൂടിയിരുന്നുള്ള സൊറ പറച്ചിൽ... കലാലയത്തിന്റെ "ആർട്സ്ഡേ" കളിൽ ഉയരുന്ന ആർപ്പുവിളികളും മേള കൊഴുപ്പും വിശപ്പിന്റെ കത്തലിൽ കാന്റീനുകളിലേക്കെത്തിക്കുന്ന ഇന്റർവെല്ലുകളും ഈച്ചകോപ്പികളായി മാറുന്ന ഹോം വാക്കുകളും തട്ടി മുട്ടി കടന്നു പോകുന്നു പരീക്ഷകളും ഇവയെല്ലാം നമ്മുടെ സൗഹൃദത്തിനു മാറ്റുകൂട്ടുന്നു. ചിലപ്പോഴെല്ലാം കൂട്ടുകാർ നമ്മുടെ മനസ്സിന്റെ കണ്ണാടികളാവാറുണ്ട്. നമ്മുടെ മുഖമൊന്ന് വാടിയാൽ ശബ്ദമൊന്നിടറിയാൽ ആശ്വാസത്തിന്റെ വാക്കുകളാൽ നമ്മെ പൊതിയുന്നു ചങ്ങാതിമാർ. കൂട്ടില്ലാതെ കൂനികൂടിയിരിക്കുമ്പോൾ കൂട്ടുകൂടാൻ ഓടിവരുന്ന കുഞ്ഞാറ്റകൾ. ഓരോ വസന്തവും കാത്തിരിപ്പിന്റെ അല്ലികൾ പൊഴിക്കുന്നു. ആ കാത്തിരിപ്പ് കഴിഞ്ഞുപോയ വസന്തകാലത്തിനു മാത്രം... കളിയും ചിരിയും നിറഞ്ഞ വസന്തകാലത്തിനുവേണ്ടി മാത്രം...

# അമ്മ

ശ്രീനന്ദ സുരേഷ്
9C

എൻ ഓർമയിൽ തെളിയുന്ന സ്നേഹദീപ മാണെൻ അമ്മ.

എൻ ബാല്യത്തിൽ കൈപിടിച്ചു നടന്ന ചൈതന്യമാണമ്മ.

എൻ സുഖദുഃഖങ്ങളിൽ എന്നോടൊപ്പം എന്നും ചേർന്നുനിന്നമ്മ.

എൻ ജീവിതയാത്രയിൽ തളരാതെ, പതറാതെ കാക്കുമെന്നമ്മ.

എനിക്കെന്നും നേർവഴി കാട്ടുമെന്നമ്മ.

സ്നേഹത്തിൻ ഉറവിടമാണമ്മ,സ്നേഹ രൂപമാണമ്മ.

ഞാൻ പിറന്നീടും മുൻപേ എനിക്കായ് കാത്തിരുന്നമ്മ.

സ്നേഹ രാഗമാണമ്മ സ്നേഹദീപമാണമ്മ

# കാഴ്ച


അതുൽ കൃഷ്ണ കെ വി
10F

അകലെയാ കൂട്ടിലൊരു  കിളികരഞ്ഞിടവേ,
പറഞ്ഞു തീരാത്തൊരാ–
പരിഭവത്തിൽ നിന്നൽപ്പം
കടം കൊള്ളുന്നു
ഞാനും
ഇന്നിന്റെജീവനായി.
തുടിക്കുന്നുണ്ടൊരാ പക്ഷിതൻ വേദന
ഉള്ളിന്റെയുള്ളിൽ.
ഇണയെപിരിഞ്ഞൊരാ  വേദനയാണോ,
ഭൂമിയിൽ കണ്ടൊരാ കാഴ്ചകളാണോ
സ്നേഹം തകർന്നു
വിലങ്ങിട്ട ചിന്തയിൽ
വിഷം പുരട്ടിയ വാക്കുകളാണോ
തേങ്ങുമാകനൽപക്ഷി
പെയ്തൊഴിയുന്നത്.
തീർത്തും മനുഷ്യന്റെ ചെയ്തികൾ കണ്ടു
നെഞ്ചു തകർന്നു  വിലപിക്കുകയാവാം.
കണ്ടുതളരുന്ന
കാഴ്ചകളൊക്കെയും
പ്രകൃതിക്ക് ചുറ്റിലും നൊമ്പരമുണർത്തവേ
അറിയൂ നീ മനുഷ്യ നിന്റെ വികൃതമാം ചെയ്തികളെല്ലാം
പക്ഷിമൃഗാദികൾക്കും പോലും,
പൊള്ളുന്നതോർക്കനീ.

# ജീവിതം എന്ന യാത്ര...

നസീഹ പി
10D

ജീവിതമാകുന്ന യാത്രയിൽ
ഞാൻ സഞ്ചരിച്ച് കൊണ്ടേയിരുന്നു...
അറ്റമില്ലാത്ത സമുദ്രം പോലെ



നീണ്ടു കിടക്കുന്ന വഴികളിലൂടെ
ഞാൻ നടന്നു കൊണ്ടേയിരുന്നു...

ദുഃഖങ്ങളുടേയും സന്തോഷങ്ങളുടേയും ഒരു നീണ്ട യാത്ര...
അതിൽ ആരെയൊക്കെയോ കാണുന്നു..
പരിചയപ്പെടുന്നു ....
അവരോടൊപ്പം സമയം ചിലവഴിക്കുന്നു..
അങ്ങനെ ധാരാളം ഓർമകൾ...
അവസാനം അവരെല്ലാം
എന്നെ വിട്ടു പോകുന്നു...
സമയം ബാക്കി ... ഓർമകൾ ബാക്കി... വീണ്ടും ഞാൻ ഒറ്റക്ക്....
ഈ അറ്റം അറിയാത്ത ജീവിതത്തിൽ വീണ്ടും ഞാൻ ഒറ്റക്ക്....
ഞാൻ മാത്രം ....

# കാലാവസ്ഥ വ്യതിയാനവും പ്രകൃതി ദുരന്തങ്ങളും

അഭിനവ്
9G

ഈ അടുത്തകാലത്തായി നാം ഏറ്റവും കൂടുതൽ കേൾക്കുന്ന രണ്ട് പദങ്ങൾ ആണ് കാലാവസ്ഥ വ്യതിയാനം, പ്രകൃതി ദുരന്തം എന്നിവ. നമ്മൾ മലയാളികളെ സംബന്ധിച്ചിടത്തോളം പ്രകൃതിദുരന്തത്തിന് കൂടുതൽ വിവരണത്തിന്റെ ആവശ്യമില്ല. കാരണം 2018 ൽ ഒരു മഹാപ്രളയവും അതിനോടനുബന്ധിച്ച ഉരുൾപൊട്ടൽ പോലെയുള്ള പ്രകൃതി ദുരന്തങ്ങളെല്ലാം നാം നേരിട്ട് കണ്ടതും കേട്ടതും അനുഭവിച്ചതുമാണ്. കാലാവസ്ഥയിൽ ഉണ്ടാകുന്ന ദോഷകരമായ മാറ്റങ്ങളെയാണ് കാലാവസ്ഥ വ്യതിയാനം എന്ന് പറയുന്നത്.

പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകാൻ കാലാവസ്ഥ വ്യതിയാനവും ഒരു കാരണമാണ്. ഫോസിൽ ഇന്ധനങ്ങൾ കത്തുമ്പോൾ ഉണ്ടാകുന്ന കാർബൺ ഡൈ ഓക്സൈഡ് ആഗോള താപനത്തിന് കാരണമാകുന്നു. ആഗോളതാപനം മൂലം ഉയർന്ന ചൂട് അനുഭവപ്പെടുകയും അത് ധ്രുവപ്രദേശത്തെ മഞ്ഞ് ഉരുകി ജലമായി സമുദ്രത്തിൽ എത്തിച്ചേരുന്നതിനു കാരണമാവുകയും ചെയ്യുന്നു. തുടർന്ന് സമുദ്രത്തിന്റെ ഭാരം കൂടാനും ഭൂമിയുടെ അച്ചുതണ്ടിന് കൂടുതൽ ചെരിവ് അനുഭവപ്പെടാനും സാധ്യതയുണ്ട് എന്ന് പഠനങ്ങൾ പറയുന്നു. ഇതു കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന പ്രകൃതി ദുരന്തത്തിന് ഏറ്റവും വലിയ ഉദാഹരണം ആണ്.

കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രകൃതി ദുരന്തങ്ങളുടെ എണ്ണം കഴിഞ്ഞ 30 വർഷത്തിനിടെ 3 ഇരട്ടിയായി കൂടി. കാലാവസ്ഥ വ്യതിയാനം മൂലമുള്ള പ്രകൃതി ദുരന്തങ്ങളാൽ പ്രതിവർഷം 20 ദശലക്ഷത്തിലധികം ആളുകൾക്ക് അവരുടെ വീട് വിട്ടിറങ്ങാൻ നിർബന്ധിതരാകേണ്ടി വന്നു. 1995 മുതൽ 2020 വരെയുള്ള കണക്കുകൾ പ്രകാരം കാലാവസ്ഥ മൂലം ഇന്ത്യയിൽ 1058 പ്രകൃതി ദുരന്തങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതിൽ 33% വെള്ളപ്പൊക്കമായിരുന്നു. ബാക്കിയുള്ളതിൽ 22% വരൾച്ചയും 5% ചുഴലിക്കാറ്റും ഉൾപ്പെടുന്നു.

ഈ കാലയളവിൽ നടന്ന പ്രധാന പത്ത് പ്രകൃതി ദുരന്തങ്ങളിൽ ലോകത്ത് ഏറ്റവും മാരകമായി തെളിയിക്കപ്പെട്ടത് വരൾച്ചയാണ്. ഓരോ വർഷവും കാലാവസ്ഥ വ്യതിയാനം മൂലമുള്ള ഇത്തരം പ്രകൃതി ദുരന്തങ്ങൾ തടയാൻ വേണ്ടി ബില്യൺ കണക്കിന് ഡോളറുകളാണ് ഓരോ രാജ്യവും ചെലവഴിക്കുന്നത്.

ലക്ഷകണക്കിന് പേരുടെ ജീവനെടുത്ത വരൾച്ചയെന്ന പ്രകൃതി ദുരന്തത്തിന് കാരണം ആഗോളതാപനം ആണ്. ആഗോളതാപനം വഴി ഉണ്ടാകുന്ന ഉയർന്ന ചൂട് ജലാശയങ്ങളെ വരൾച്ചയിലേക്ക് നയിക്കുന്നു. ഇതുപോലെതന്നെയുള്ള മറ്റൊരു പ്രകൃതി ദുരന്തമാണ് ചുഴലിക്കാറ്റ്. ചുഴലിക്കാറ്റ് ഉണ്ടായ പ്രദേശങ്ങളിൽ പലതും പുനരുജ്ജീവനം പോലും സാധ്യമാകാത്ത രീതിയിലാണ്. പ്രളയത്തെയും ഈ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. അതുപോലെതന്നെയാണ് ഉരുൾപൊട്ടലുകളും. ഇത്തരം പ്രകൃതിദുരന്തങ്ങൾക്ക് കാരണമാകുന്നത് കാലാവസ്ഥ വ്യതിയാനം ആണെങ്കിലും കാലാവസ്ഥ വ്യതിയാനം ഉണ്ടാകുന്നതിനു പിന്നിൽ മനുഷ്യരുടെ കരങ്ങളുണ്ട്.

ഇന്ന് കാലാവസ്ഥയിൽ ഒരുപാട് മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. മനുഷ്യൻ സ്വാർത്ഥ താല്പര്യങ്ങൾക്ക് വേണ്ടി നടത്തുന്ന പല പ്രവർത്തനങ്ങളുമാണ് ഇങ്ങനെയുള്ള കാലാവസ്ഥ മാറ്റങ്ങൾക്ക് കാരണം. കാലാവസ്ഥയിൽ ഇനിയും ദോഷകരമായിട്ടുള്ള ഇത്തരം മാറ്റങ്ങൾ സംഭവിച്ചാൽ ഇതിലും വലിയ പ്രകൃതി ദുരന്തങ്ങൾ സംഭവിക്കാം. മനുഷ്യൻ ഉൾപ്പെടെയുള്ള ജീവജാലങ്ങളുടെ നിലനിൽപ്പിനെ ഇത് ബാധിക്കും. ഇനി ഇങ്ങനെ സംഭവിക്കാതിരിക്കാൻ കാലാവസ്ഥ നാം സംരക്ഷിക്കേണ്ടതുണ്ട്.മലിനീകരണം കുറയ്ക്കുക, മരങ്ങൾ വച്ചുപിടിപ്പിക്കുക എന്നിവയാണ് ഇതിനായി നമുക്ക് ചെയ്യാൻ സാധിക്കുക. പ്രകൃതിദുരന്തങ്ങൾ ഉണ്ടായാൽ എങ്ങനെ അത് ഫലപ്രദമായി നേരിടണം എന്നതിനെക്കുറിച്ച് നാം ചിന്തിക്കേണ്ടതുണ്ട്. ഇന്തോനേഷ്യ പോലെയുള്ള രാജ്യങ്ങൾ അതിന് ഉദാഹരണമാണ്. അഗ്നിപർവ്വത സ്ഫോടനം എന്ന പ്രകൃതിദുരന്തം ഏറ്റവും കൂടുതൽ നടക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്തോനേഷ്യ. എന്നാൽ അവർ അഗ്നിപർവ്വത സ്ഫോടനം നടന്ന സ്ഥലം ഒരു വിനോദസഞ്ചാര കേന്ദ്രമായി ഉപയോഗിക്കുന്നു. കൂടാതെ അഗ്നിപർവത സ്ഫോടന സമയത്ത് പുറത്തുവരുന്ന പദാർത്ഥങ്ങളിൽ നിന്നും എങ്ങനെ വൈദ്യുതി കണ്ടെത്തണം എന്നതിനെക്കുറിച്ചും അവർ പഠനങ്ങൾ നടത്തുന്നുണ്ട്. പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകാതെ നോക്കാനും ഉണ്ടായാൽ അത് നമുക്ക് അനുകൂലമായ പ്രവർത്തനങ്ങൾ നടത്താനുംനമുക്ക്കഴിയണം.

# അടഞ്ഞൊരു അധ്യായത്തിൻ ഏടുകൾ...

ഷബാനത്
10G

ജീവിതത്തിലെ ഓരോ അധ്യായങ്ങൾ തുറക്കുമ്പോഴും അവസാനം അതിലെ ഓരോ ഏടും അടയുകയാണ്....കലാലയം അതിലെ ഒരു ഏട് മാത്രം. ഒരുപാട് പുഞ്ചിരികളും സൗഹൃദങ്ങളും ദുഃഖങ്ങളും സമ്മാനിച്ച് പടിയിറങ്ങേണ്ട ഓരോ പടികളും പിന്നീട് വീണ്ടും തുറക്കപ്പെടാൻ ആവാത്ത അടഞ്ഞൊരു അധ്യായത്തിൻ ഏടാകുന്നു. സൗഹൃദങ്ങളാൽ പ്രണയം തീർത്ത ഇടനാഴികൾ, കാന്റീൻ ഇക്കയുടെ പഫ്സിൽ നാലഞ്ചാളുടെ പിടിവലി, മിസ്സുമാരുടെ സ്നേഹ ശകാരങ്ങൾക്ക് മാത്രമായി ചെവി കോർത്ത കാതുകൾ, കൂട്ടുകെട്ടിലെ കശപിശകൾ, ഒരുപാട് കവികളും കവിയത്രികളും കുറിച്ച പുസ്തക കുമ്പാരങ്ങളുടെ കലവറ, നാല് ചുവരുകൾക്കുള്ളിൽ ആസ്വദിച്ച ആട്ടവും പാട്ടും തീർത്ത ഞങ്ങളുടെ സ്കൂൾ ഓഡിറ്റോറിയം എല്ലാം കലാലയ അധ്യായത്തിലെ വായിച്ചിട്ടും വായിച്ചിട്ടും മതിവരാത്ത ഏടുകളായി മാറുന്നു.

എന്തെ അതെല്ലാം അടഞ്ഞൊരു അധ്യായത്തിൻ ഏടായത്? ശരിയാണ് ഒരിക്കലും തിരിച്ച കിട്ടാൻ ആവാത്ത തീരാനഷ്ടമാണ് ഇന്നലെകൾ.....

" വെറുതെയീ മോഹങ്ങൾ എന്നറിയുമ്പോഴും വെറുതെ മോഹിക്കുവാൻ മോഹം" എന്ന ഒ എൻ വി മാഷിന്റെ രചന പോലെ ഞാനും വെറുതെ ഒന്ന് മോഹിക്കുന്നു, അടഞ്ഞുകിടന്ന ഈ അധ്യായത്തിൻ ഏടുകൾ ഒന്ന് തുറക്കപ്പെടാൻ ആയെങ്കിൽ എന്ന്!

# അവസാന ശ്വാസം

മുഹമ്മദ് ഷഹമിൽ
9A



ജീവിച്ച കൊണ്ട് ഞാൻ

എഴുതുകയാണ്.

ജീവിക്കാൻ

കഴിയാത്തവരുടെ

വാക്കുകൾ.

വരച്ചിടുകയാണ്

ഞാനെന്ന രണ്ടക്ഷരത്തെ.

പേനയിലെ മഷി തീരു

വരെ

വിളക്കിലെ വെളിച്ചം

അണയും വരെ

എന്റെ ശ്വാസം നിലയ്ക്കും

വരെ

ഞാൻ എഴുതും

ഞാൻ പോരാട്ടും

എന്ന്...,

അവസാനത്തെ തുള്ളി

മഷി...



# പേരിലെ വൈചിത്ര്യം.

പ്രമിതാ പ്രേംകുമാർ
10I

.

പണ്ട്, തൃത്താലയിലെ പഴയ Electricity ഓഫീസും മുസ്ലീം ലീഗിന്റെ അനിഷേദ്ധ്യ നേതാവായിരുന്ന ഇണ്ണീൻകുട്ടി സാഹിബിന്റെ വീടും കഴിഞ്ഞിറങ്ങുന്ന വളവിൽ ഒറ്റപ്പെട്ട ഒരു ചെറിയ വീട്ടിൽ പാത്തുമ്മത്താത്ത താമസിച്ചിരുന്നു. അവരുടെ പേര് യഥാർത്ഥത്തിൽ പാത്തുമ്മ എന്നായിരുന്നുവോ എന്ന് നിശ്ചയമില്ല. സുൽത്താന്റെ സർഗ്ഗഭാവനകളിൽ പാത്തുമ്മയും ആടും ഏറെ ഇഴചേർന്നു നിന്നതിനാലോ എന്തു കൊണ്ടോ  എന്നെപ്പോലെ അതിലൂടെ കടന്നു പോയിരുന്ന അസംഖ്യം യാത്രക്കാർക്ക് അവർ പാത്തുമ്മത്താത്തയായി. അവരുടെ ചെറു വീടിന്റെ മുറ്റവും മുറ്റം കടന്നുള്ള പാതയോരങ്ങളും  ആടുകളാൽ അലംകൃതമായിരുന്നു. വിവിധ വർണ്ണങ്ങളിലുള്ള, വിവിധ പ്രായങ്ങളിലുള്ള ആടുകൾ മേഞ്ഞു നടന്നിരുന്ന ഒരു വളവായിരുന്നു പണ്ട് അത്. അവിടെ മേഞ്ഞു നടന്നിരുന്ന ആടുകളിൽ ഒട്ടുമുക്കാലും പാത്തുമ്മത്താത്തയുടേതായിരുന്നു എന്നാണ് കേട്ടറിവ്. ആ വഴി പോയിരുന്ന ബസ്സുകൾ ആ വളവിൽ പതുക്കെയാണ് ഓടിയിരുന്നത്. പുതിയതായി വരുന്ന ഡ്രൈവർമാരെ മറവിലെ വളവിൽ ആടുകളുണ്ടാകും എന്ന് യാത്രക്കാരും ബസ്സിലെ കിളികളും ഓർമ്മപ്പെടുത്തിയിരുന്നുവത്രെ. ഒരിക്കൽ പാത്തുമ്മത്താത്തയുടെ ആട്ടിൻ കുട്ടിയെ ഒരു ബസ്സിടിച്ചിട്ടതും, നഷ്ടപരിഹാരമായി ചോദിച്ച തുക കേട്ട് ആനക്കുട്ടിയൊന്നുമല്ലല്ലോ ആട്ടിൻ കുട്ടിയല്ലേ എന്ന് ചോദിച്ച കണ്ടക്ടറെ പാത്തുമ്മത്താത്ത കുപ്പായത്തിന് കുത്തിപ്പിടിച്ച് കാശു വേടിച്ചത് കഥയോ യാഥാർഥ്യമോ എന്ന് എനിക്കറിയില്ല. ഈ പറയുന്ന പാത്തുമ്മത്താത്തയെ നേരിൽ കണ്ടതായും ഓർമ്മയില്ല.  ആ വളവിലെ ആട്ടിൻ പറ്റങ്ങൾ ഇന്നും ഓർമ്മയിൽ നിറഞ്ഞു നിൽക്കുന്നു. കാലമേറെ കടന്നുപോയി, Electricity ഓഫീസ് സ്ഥാനം മാറി. ഇണ്ണീൻകുട്ടി സാഹിബും കാലയവനികക്കുള്ളിൽ മറഞ്ഞു. പാത്തുമ്മത്താത്തയുടെ വീടിരുന്ന ഇടവും പരിസരങ്ങളും കോൺക്രീറ്റ് വീടുകളാൽ തിങ്ങി നിറഞ്ഞു. പാത്തുമ്മത്താത്തയുടെ അനന്തര തലമുറകൾ അവിടെയൊക്കെ താമസിക്കുന്നുണ്ടാവും. ആടുകൾ അപ്രത്യക്ഷമായ ഈ കാലത്ത്,  ഈ സ്ഥലം ആടുവളവ് എന്ന പേരിൽ അറിയപ്പെടുന്നു.

കുറ്റിപ്പുറത്തുനിന്നും കോഴിക്കോട്ടേക്കുള്ള യാത്രയിൽ വിവിധവും വിചിത്രങ്ങളും ആയ നിരവധി സ്ഥലപ്പേരുകൾ കാണാം. പൂവൻചെന, കോഴിച്ചെന, ചങ്കുവെട്ടി, സ്വാഗതമാട്, ചെമ്മാട്  തുടങ്ങി വിചിത്രങ്ങളായ സ്ഥലപ്പേരുകളുടെ പട്ടിക നീളുന്നു. സ്ഥലനാമങ്ങൾ എങ്ങിനെ വന്നുചേരുന്നു എന്ന് പലപ്പോഴും അത്ഭുതപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ വിചിത്രം എന്ന് തോന്നിയ സ്ഥലപ്പേരുകൾ കുറിക്കു,  അറിയുവാനുള്ള ഒരു കൗതുകം.

# മഴ

ഹിമയ ബിന്ദ്
പൂർവ വിദ്യാർത്ഥിനി

പ്ലാസ്റ്റിക് കൂട്ടുകൾക്കിടയിൽ കുടുങ്ങികിടക്കുകയായിരിന്നു മഴ!

ഒരു തുള്ളിതൊണ്ടയില്ലൂടെ ഇറക്കാനാവാതെ ഭൂമി!

മഴക്ക് ഒരു തുടക്കമുണ്ടായിരുന്നു
പനിപിടിച്ച ഒരു കുട്ടി
പുതപ്പിൽ വിറയുന്നപോലെ.......
മഴക്കൊപ്പം നിന്ന് വിറച്ച് കുറേ മലകൾ, കുന്നുകൾ........

ഞാനൊരു വിത്തേ നട്ടിട്ടുള്ളു
അത് വന്മരമാകണമത്രേ....

അതുവരെ എന്റെ ഭൂമി എനിക്കായ് കാക്കുമോ?

ഏത് തലമുറയാണ് മഴയെ വരവേൽക്കാതിരുന്നതും വിത്തിനെ ആട്ടിയോടിച്ചതും
ഞാൻ ഒരു കളിത്തോണി ഇറക്കാനുള്ള വെള്ളമേ ചോദിച്ചുള്ളൂ
ചെവി അടച്ചും തുറന്നും ഞാൻ മഴയുടെ സംഗീതം ആസ്വദിക്കവേ
എന്റെ കൊട്ടാരം തന്നെ അവൾ കൊണ്ടുപോയി.....

# മാനവ സംഹാരി

ബിൻഷിദ
9I

------

മനുഷ്യ നാശിനികളായ

നിപ്പയും കോവിഡും

മാറിനിൽക്കും

മാറുന്നില്ല രോഗം...

ലോകം കണ്ടതിൽ വെച്ച് കാഠിന്യവും

കട്ടപ്പവുമേറിയത്!

പച്ച മരുന്നിനേയും

ഇംഗ്ലീഷ് മരുന്നിനേയും,

വെല്ലുന്ന രോഗം!

തന്നേക്കാൾ ഒരു

പടി മുകളിൽ

നിൽക്കുന്നവനോട് തോന്നുന്ന മാനസാന്തരം ക്ലേശം!

ഹൃദയതാളങ്ങളിൽ കെട്ടി നിൽക്കുന്ന 'അസൂയ'യാം വൈറസ്

# ജീവൻ

നിവേദിത
10M

സമയം രാത്രി 10 മണി ഡെലിവറി ജോബിന് ശേഷം അവൾ ഷോപ്പിൽ നിന്ന് ലോക്കർ പൂട്ടി ഇറങ്ങി. ഇന്ന് കുറച്ച് വൈകിയിരുന്നു. അവൾ വഴിയിലേക്കിറങ്ങി നടന്നു. തെരുവിന്റെ അറ്റത്തെ മിഠായിവാലയുടെ വീട്ടിൽ മാത്രം വെട്ടമുണ്ടായിരുന്നു. നടക്കുന്ന വഴി ആകെ ഇലഞ്ഞിമരം തന്റെ സന്തോഷം നിറച്ചിരിക്കുകയാണ്. വഴിയിൽ നിറയെ ഇലഞ്ഞിപ്പൂക്കൾ വീണുകിടക്കുന്നു. സ്ട്രീറ്റ് ലൈറ്റിന്റെ മങ്ങിയ വെട്ടത്തിൽ അവൾ നടക്കാൻ തുടങ്ങി. രാത്രികളിലെ ഈ ഒറ്റക്കുള്ള നടത്തമാണ് അവളെ അന്നത്തെ ദിവസത്തെക്കുറിച്ചോർമിപ്പിക്കുന്നത്. ഇതുപോലെ ഒരു ദിവസം ജോലികഴിഞ്ഞു വീട്ടിലേക്ക് വരുംവഴിയാണ് അയാൾ..... ആ സംഭവങ്ങൾ അവളുടെ ഉള്ളിലൂടെ മിന്നി മറിഞ്ഞു.

വീട്ടിലെത്തി ഫ്രഷായി വന്നപ്പോഴാണ് അവളാ പെട്ടി കാണുന്നത്. ഒരുപാട് കാലമായി അതവിടെ ഇരിക്കുന്നു. എന്നാൽ അതയാളുടെ കൈയ്യിൽ നിന്നാണെന്ന് ഓർക്കുമ്പോൾ അവൾ അത് തുറക്കില്ല. എന്നാൽ ഇന്നെന്തോ അവൾക്കത് തുറക്കണമെന്ന് തോന്നി. പതിയെ അവളാ പെട്ടി തുടച്ചു വൃത്തിയാക്കി. എന്നിട്ടത് തുറന്നു.
ഒരുപാട് സാധനങ്ങളും. ചിത്രങ്ങളും കണ്ടപ്പോൾ അവൾക്ക് അയാളെ കൂടെ കൂടെ ഓർമ്മവരുകയായിരുന്നു. മരിച്ചോ ജീവിച്ചിരിപ്പുണ്ടോ അറിയില്ല. അന്നാ തെരുവിൽ അവർ വരുമ്പോൾ വെട്ടിനുറുക്കിയതാണവനെ അവളുടെ വീട്ടുകാർ. ആ പെട്ടി കിട്ടിയപ്പോൾ അവൾക്ക് ഉള്ളിലെവിടെയോ ആശ്വാസമായിരുന്നു. അവൻ ജീവിച്ചിരിക്കുന്നുണ്ടെന്നറിഞ്ഞിട്ട് ചില നേരങ്ങളിൽ അവന്റെ ഓർമ്മകൾ അവളെ വേട്ടയാടും. അയാൾ അവൾക്ക് വേണ്ടി കരുതിവച്ച സമ്മാനപൊതിക്കുള്ളിൽ ആ കത്തവൾ കണ്ടു. പിന്നീടാ രാത്രി അവൾ തേങ്ങികരയുകയായിരുന്നു. ഓർമ്മകൾ അവളെ ചുറ്റിപിണഞ്ഞു കിടക്കുന്ന നേരത്ത് ആ കത്തിന്റെ അവസാന വരി അവൾ വായിച്ചു.

"അടുത്ത ജന്മത്തിൽ
നമുക്ക് ഒന്നിക്കാം.....
നമ്മൾ ആഗ്രഹിച്ചതുപോലെ സ്വപ്നങ്ങൾ യാഥാർതഥ്യമാക്കാം... ഇനി നീ ഈ കാത്തുമായിരിക്കുമ്പോൾ ഞാനിവിടെ നിന്റെ അടുത്ത് നിന്നെ ഇറുക്കിപിടിച്ചിരിക്കുകയാവും നിന്റെ ആത്മാവായി "

# SPACE SCIENCE AND INDIA

**ASWIN T S**
**9K**

Space from an early time was a place where humans or any other living beings cannot directly reach. It was a place of hope. But when time passed by, science and technology developed and humans reached everywhere – from the deepest oceans to the outer space. We proved that we can reach anywhere and can do anything with the help of science.

India has achieved a lot in the fields of space science. ISRO (Indian Space Research Organisation) is the platform where it all began. On 1969 July 21USA made that great achievement to send man to moon. Neil Armstrong was the first to step on moon. Edvin Aldrin was the second and Michael Collins who was controlling their vehicle 'Eagle' stepped third. Though USA achieved that, this became a fuel for all other countries to explore more in this field. Yuri Gagarin and Valentina Tereshkova from Russia were the first man and woman to go to outer space while India also sent Rakesh Sharma to space in 1984 and Kalpana Chawla was the first Indian woman to reach outer space.

India and other nations sent so many satellites to study about outer space and planets. But this is a field which needed a lot of hard work and dedication. Whenever any variation in the pressure or speed of rockets it will crash. Now India has got a great achievement for which ISRO had been trying for many years. The name of the project is Chandrayan – I which was launched on 22 October 2008  and operated until august 2009. The mission included an orbiter and impactor. The mission was a major boost to India's space programme as India researched and developed indigenous technology to explore moon.

Chandrayan – II was launched in 2019. Its aim was to land on the moon safely. But it was a failure because of some technical reasons. From that experience our scientists took great efforts to make the next mission a success.  On July 14th 2023 Chandrayan – III was launched and it landed on moon successfully.  With the success of chandrayan III India has become the

first nation to land near the south pole which is a hot new destination. India has also become the fourth country to achieve a soft landing on the moon. Before India Russia, USA and China have achieved this remarkable feet. Now India is trying to make more achievements through the missions Adithya I and Mangalyan to study about sun and mars.

Though India is a third world country our achievements are outstanding. Our scientists are doing their best and our government is ready to support them. I believe that the scientists in India are very talented and India would have become the best in space science if we were economically developed. However we have progressed a lot and are trying to move on with what we have.

India is one of the most advanced countries in the world in the field of science and technology. Our most valuable asset is human resource. I am sure if we make use of this effectively India will become the most developed nation in space science and technology.

# മികവുത്സവം കാഴ്ചകൾ































വരൂ വരൂ
ഒരു നിമിഷം
മലയാളത്തിൽ
സംസാരിക്കൂ































# നന്ദി

little kites

vattenad